പ്രകാശവചനം ● എ.കെ അബ്ദുസ്സലാം

# വിജയത്തിനുള്ള മൂന്ന് മാർഗങ്ങൾ

عَنْ عُقْبَةَ بنُ عَامِرٍ رضي الله عنه قَالَ: قُلتُ يَا رَسُولَ ﷺ مَا النَّجَاةُ؟ قَالَ: أَمْسِكْ عَلَيْكَ لِسَانَكَ وَلْيَسَعْكَ بَيْتُكَ وَابْكِ عَلَى خَطِيئَتِكَ

ഉഖ്ബത്തുബ്നു ആമിറി(റ)ൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: ഞാൻ ചോദിച്ചു, അല്ലാഹുവിന്റെ ദൂതരേ, എന്താണ് വിജയം വരിക്കാനുള്ള മാർഗം? അവിടുന്ന് പറഞ്ഞു: നിന്റെ നാവിനെ നിയന്ത്രിക്കുക. നിന്റെ വീട് നിനക്ക് വിശാലതയുള്ളതാവുക. നിന്റെ പാപങ്ങളെ ഓർത്ത് നീ കരയുക (തിർമിദി)

മനുഷ്യർ പരസ്പരം ബന്ധപ്പെടാനും സൗഹൃദം വളരാനും കാരണമാകുന്നത് സംസാരത്തിലെ സൂക്ഷ്മതയും മിതത്വവുമാണ്. നാവ് മനുഷ്യനെ ഉന്നത സ്ഥാനത്ത് എത്തിക്കുമെങ്കിലും ചിലപ്പോൾ സ്വന്തം ജീവിതത്തെ നശിപ്പിക്കാനും കാരണമായേക്കാം. നാവിനെ സൂക്ഷിക്കണമെന്ന് പ്രവാചകൻ (സ) വിശ്വാസികളെ സഗൗരവം ഉണർത്തിയിട്ടുണ്ട്. നബി (സ) പറഞ്ഞു: "വിശ്വാസി നാവുകൊണ്ട് അക്രമം വിതക്കുകയില്ല. അവൻ ശപിക്കുന്നവനും മ്ലേച്ഛവർത്തമാനം പറയുന്നവനും ചീത്തവിളിക്കുന്നവനുമല്ല"(തിർമിദി).

ചീത്ത വർത്തമാനങ്ങളെയും അത്തരം ശൈലികളെയും പ്രവാചകൻ നിരുത്സാഹപ്പെടുത്തുക മാത്രമല്ല, ചീത്ത വാക്കുകൾക്ക് മറുപടിയായി ചീത്ത പറയുന്നതിനെപ്പോലും അവിടുന്ന് വിലക്കി. മനുഷ്യർക്കിടയിലെ വഴക്കുകളുടെയും കുഴപ്പങ്ങളുടെയും പ്രധാന കാരണം നാവിന്റെ നിയന്ത്രണമില്ലായ്മയും അഴിഞ്ഞാട്ടവുമാണ്. പാപങ്ങളുടെ ആധിക്യത്തിലേക്ക് മനുഷ്യനെ കൊണ്ടെത്തിക്കുന്നതും നാവ് തന്നെ. ഒരിക്കൽ നബി(സ)യുടെ അടുത്ത് വന്ന് സുഫ്യാനുബ്നുഅബ്ദില്ലാഹിസ്സഖഫി (റ) ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ! എന്റെ വിഷയത്തിൽ അങ്ങ് ഭയപ്പെടുന്ന കാര്യങ്ങളിൽ ഏറ്റവും കൂടുതൽ അപകടകരമായ കാര്യം ഏതാണ്? റസൂൽ (സ) അവിടുത്തെ നാവിൽ പിടിച്ചുകൊണ്ട് അരുളി: ഏറ്റവും കൂടുതൽ ഭയം ഇതിനെ കുറിച്ചാണ്."

ഇഹപര രക്ഷയുടെ അടിസ്ഥാനമായി നാവിന്റെ സൂക്ഷ്മതയെ ബന്ധപ്പെടുത്തിക്കൊണ്ട് ഇമാം ബുഖാരി റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ ഇങ്ങനെ വായിക്കാം. നബി (സ) പറഞ്ഞു: "ഒരാളുടെ രണ്ട് താടിയെല്ലുകൾക്കിടയിലുള്ളതിനെയും രണ്ട് കാലുകൾക്കിടയിലുള്ളതിനെയും കുറിച്ച് (തിന്മയായ കാര്യങ്ങളിൽ ഉപയോഗിക്കില്ലെന്ന്) എനിക്ക് ഉറപ്പ് നൽകുന്നതാരോ അവർക്ക് ഞാൻ സ്വർഗം ഉറപ്പ് നൽകാം." തെറ്റായ കാര്യങ്ങളിൽ നിന്ന് നാവിനെ നിയന്ത്രിച്ചവന് നാശഗർത്തത്തിൽ പതിക്കുന്നതിൽ നിന്ന് രക്ഷപ്പെടാൻ സാധിക്കും. ഒരുവേള നല്ലത് സംസാരിക്കാനില്ലാത്തവൻ മിണ്ടാതിരിക്കുന്നതാണ് ഈമാനിന്റെ താൽപര്യത്തോട് യോജിച്ചതെന്നും പ്രവാചകൻ പഠിപ്പിക്കുകയുണ്ടായി.

മറ്റൊരു ഹദീസിൽ, മനുഷ്യന്റെ മുഴുവൻ അവയവങ്ങളും പ്രഭാതമായാൽ നാവിനോട് ഇങ്ങനെ അപേക്ഷിക്കുമെന്ന് തിരുമേനി പറയുന്നു: "ഞങ്ങളുടെ കാര്യങ്ങൾ നീയുമായി ബന്ധപ്പെട്ടിരിക്കുന്നു. നീ നേരെയായാൽ ഞങ്ങൾ മുഴുവനും നേരെയാകും, നീ തിന്മ തെരഞ്ഞെടുത്താൽ ഞങ്ങളും തിന്മ തെരഞ്ഞെടുക്കേണ്ടിവരും" (തിർമിദി).

ഇരുതല മൂർച്ചയുള്ള അവയവമാണ് നാവെന്ന് ഈ വിവരണങ്ങളിൽ നിന്നെല്ലാം മനസ്സിലാക്കാം. അതിന്റെ ഉപയോഗത്തിലുണ്ടാകുന്ന സൂക്ഷ്മതയും സൂക്ഷ്മതക്കുറവുമാണ് വിജയപരാജയങ്ങളുടെ നിദാനം. 'നിന്റെ വീട് നിനക്ക് വിശാലതയുള്ളതാവുക' എന്നതിന്റെ ഉദ്ദേശ്യം നിനക്ക് ലഭിച്ച വീട് കൊണ്ട് തൃപ്തിപ്പെടുക എന്നതാണ്. വീട് ചെറുതാണെന്ന് കരുതി നിരാശനോ ദുഃഖിതനോ ആവേണ്ടതില്ല. തനിക്ക് അല്ലാഹു വിധിച്ചത് ഇതാണെന്ന് കരുതി അതിൽ സമാധാനമടയുക. തന്നെക്കാൾ കഷ്ടപ്പെടുന്നവരിലേക്ക് നോക്കുക. തനിക്ക് ലഭിച്ച അനുഗ്രഹം ഒട്ടും നിസ്സാരമല്ലെന്ന് അപ്പോൾ ബോധ്യപ്പെടും. തന്റെ ജീവിതത്തിൽ അല്ലാഹുവിനെ ധിക്കരിക്കാനിടയാക്കിയ കർമങ്ങളെ ഓർത്ത് ദുഃഖിച്ച് കണ്ണീർ വാർക്കുക എന്നതാണ് വിജയത്തിന്റെ മൂന്നാമത്തെ മാർഗമായി പ്രവാചകൻ(സ) പഠിപ്പിക്കുന്നത്. ■